

**സഹയാത്രികർ**

■ അബൂഫിദൽ

# മാർക്സിസ്റ്റുകാർ കാണാതെ പോയ നവോത്ഥാനം

**നവോത്ഥാനം** എന്ന പരികൽപന മുതൽ നവോത്ഥാനം എന്ന് വിവരിക്കപ്പെടുന്ന ചരിത്രാനുഭവത്തിന്റെ ഉള്ളടക്കം വരെ പലതും പല നിലകളിലുള്ള പുനരാലോചനകളുടെ വിഷയമായിരിക്കുന്നു. ഗ്രീക്കോ-റോമൻ വിജ്ഞാനത്തിന് പതിനാലാം നൂറ്റാണ്ടോടുവിലുണ്ടായ പുനർജ്ജനിയുടെ കഥയായി നവോത്ഥാനം മനസ്സിലാക്കപ്പെടുന്നതിന് പിന്നിലെ പ്രേരണകൾ ഇപ്പോൾ കൂടുതൽ കൂടുതൽ വെളിപ്പെട്ടു കൊണ്ടിരിക്കുകയാണ്. പടിഞ്ഞാറൻ റോമാ സാമ്രാജ്യത്തിന്റെ പതനം മുതൽ ആരംഭിക്കുന്ന മധ്യ യുഗവും പിന്നാലെ, 10-14 നൂറ്റാണ്ടുകളിലെ ഇരുണ്ട യുഗവും ആരുടെ ഇരുട്ടിനെയാണ് അടയാളപ്പെടുത്തിയത് എന്ന കാര്യം ഇപ്പോൾ അന്വേഷിക്കപ്പെടുന്നുണ്ട്. വടശ്ശേരി പരമേശ്വരനും പുതുമനച്ചോമാതിരിയും നീലകണ്ഠ സോമയാജിയും മുതൽ ഇബ്നു ഖൽദൂനും അൽഖവാറസ്മിയും ഇബ്നുൽ ഹയ്തമും വരെയുള്ളവരുടെ ജീവിതവും ചരിത്രവും ചെയ്തികളും കാണാതെ പോവുന്ന വിജ്ഞാന വികാസത്തിന്റെ കഥ പടച്ചുണ്ടാക്കുന്ന ഒരു പരിപ്രേക്ഷ്യമല്ലേ നാം കൊണ്ടാടിപ്പോരുന്ന നവോത്ഥാനം എന്ന ചോദ്യമാണ് കഴിഞ്ഞ കാൽനൂറ്റാണ്ടെങ്കിലുമായി ഉന്നയിക്കപ്പെട്ടു വരുന്നത്.....വാസ്തവത്തിൽ യൂറോപ്പിന്റെ ഭൂതകാലവും പൂർവമഹിമയുമായി ഗ്രീക്ക് വിജ്ഞാനത്തെ അടയാളപ്പെടുത്തുന്ന ഒരു കാഴ്ചപ്പാടിന്റെ ഉൽപന്നമാണ് നവോത്ഥാനം എന്ന പരികൽപന. യൂറോപ്പ് അതിന്റെ ഭൂതകാലത്തെ പണിതെടുക്കുന്നതിന്റെ ജ്ഞാനശാസ്ത്രമായി ഇപ്പോൾ അതിനെ നമുക്ക് മനസ്സിലാക്കാൻ കഴിയും. പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിൽ അറേബ്യൻ ബുദ്ധിജീവികൾ വഴി യൂറോപ്പിലെത്തിയ ഗ്രീക്ക് വിജ്ഞാനം, ബി.സി അവസാന ശതകങ്ങളിലെ ഗ്രീക്ക് വിജ്ഞാനമായിരുന്നില്ല. ബൈസന്റിയൻ പള്ളിയുടെ അധിക്ഷേപങ്ങൾക്ക് വിധേയരായ നെസ്തോരിയൻ ബുദ്ധിജീവികൾ നാലും അഞ്ചും നൂറ്റാണ്ടുകളിൽ ഇറാനിലേക്ക് കൊണ്ടുവന്നതും ഏഴും എട്ടും നൂറ്റാണ്ടുകളിലെ ഉമയ്യ, അബ്ബാസി ഖിലാഫത്തുകളുടെ കാലയളവിൽ വ്യാഖ്യാനങ്ങൾക്കും വിപുലീകരണങ്ങൾക്കും പുനഃക്രമീകരണങ്ങൾക്കും വിധേയമായതുമായ വിജ്ഞാനമാണ് അറബികൾ വഴി യൂറോപ്പിന് കൈമാറിക്കിട്ടിയത്. ഇസ്ലാമിക പദാവലികൾക്കും പരികൽപനകൾക്കും ഇണങ്ങും വിധം പുനഃക്രമീകരിക്കപ്പെട്ട നിലയിലാണ് പഴയ ഗ്രീക്ക് വിജ്ഞാനം അറേബ്യയിലെത്തിയത് എന്നർഥം. അക്കാലത്തെ അറേബ്യയാകട്ടെ, ഇന്ത്യയിൽ നിന്നും പേർഷ്യയിൽ നിന്നുമുള്ള വിജ്ഞാനപ്രവാഹങ്ങളെ ഉൾക്കൊണ്ടു കൊണ്ട് നിൽക്കുന്ന ഒന്നായിരുന്നുതാനും. അങ്ങനെ ഇന്ത്യൻ, പേർഷ്യൻ, ഇസ്ലാമിക വിജ്ഞാനങ്ങളുമായി കൂടിക്കലർന്ന് പുതിയ രൂപഭാവങ്ങൾ കൈവരിച്ച വിജ്ഞാനമാണ് പന്ത്രണ്ടും പതിമൂന്നും ശതകങ്ങളിൽ അറബി ഭാഷ വഴി യൂറോപ്പിലേക്കെത്തിയത്......"

യൂറോ കേന്ദ്രീകൃതമായ നവോത്ഥാനത്തെയും അത് സൃഷ്ടിച്ച അതിന്റെ നിത്യഹരിത ശരീഅത്തായ സെക്യുലറിസത്തെയും വിഗ്രഹമായി കൊണ്ടുനടക്കുന്നവരാണ് നമ്മുടെ നാട്ടിലെ ഇടതുപക്ഷക്കാർ. ആ കണ്ണട വെച്ച് മാത്രമേ അവർക്കെന്തിനെയും നോക്കിക്കാണാൻ കഴിയൂ. അങ്ങനെ മതത്തെയും ഇസ്ലാമിനെയും എല്ലാം അവർ യൂറോപ്യൻ പ്രബോധോദയത്തിന്റെ കണ്ണട വെച്ച് നോക്കിക്കണ്ടു, സിദ്ധാന്തങ്ങളെഴുതി, തങ്ങളല്ലാത്തവരെയെല്ലാം പിന്തിരിപ്പന്മാരായി മുദ്ര കുത്തി. അവരുടെ നോട്ടപ്പാടിലെ ഏറ്റവും വലിയ അപരിഷ്കൃത കാടൻ ഏർപ്പാട് ഇസ്ലാം ആയിരുന്നു. എന്നാൽ നവോത്ഥാനത്തെയും സെക്യുലറിസത്തെയും കുറിച്ച് ഇസ്ലാമിക പ്രസ്ഥാനങ്ങൾ ഉന്നയിച്ച വിമർശങ്ങളെ മനസ്സിലാക്കാൻ അവർക്ക് സാധിച്ചില്ല. എന്നാൽ അടുത്ത കാലത്തായി ചെറിയ തിരിച്ചറിവുകൾ മാർക്സിസ്റ്റ് യാഥാസ്ഥിതിക കോട്ടകളിലേക്കും അരിച്ചിറങ്ങുന്നതിന്റെ സൂചനകളുണ്ട്. അതിന്റെ ചെറിയൊരു സാമ്പിൾ ആണ് മേൽ കൊടുത്ത ഭാഗങ്ങൾ. സി.പി.ഐ.എം സൈദ്ധാന്തിക വാരികയായ *ചിന്ത*യുടെ ജന്മദിന പ്പതിപ്പിൽ (ആഗസ്റ്റ് 21) ഇടതു സൈദ്ധാന്തികനായ സുനിൽ പി. ഇളയിടം എഴുതിയ *ശാസ്ത്രം, വൈദ്യം, നവോത്ഥാനം ചില മലയാള പാഠങ്ങൾ* എന്ന ലേഖനത്തിൽ നിന്നാണ് മേൽ ഉദ്ധരണി. കെ. എൻ ഗണേഷ് മുതലുള്ള ഇടതു ബുദ്ധിജീവികൾ പ്രസ്തുത ലേഖനം വായിച്ചാൽ നന്നാവുമെന്ന് തോന്നുന്നു.

*മതവും ജാതിയും മാർക്സിസ്റ്റ് വീക്ഷണത്തിൽ* എന്ന തലക്കെട്ടിൽ പോളിറ്റ് ബ്യൂറോ അംഗം എസ്. രാമചന്ദ്രൻ പിള്ളയുടെ ലേഖനവുമുണ്ട് ഇതേ ലക്കത്തിൽ. ആവർത്തിച്ചു പുളിച്ച തങ്ങളുടെ മതകാഴ്ചപ്പാടുകൾ ഒട്ടും സങ്കോചമില്ലാതെ വീണ്ടും എഴുതി അച്ചടിച്ചിരിക്കുന്നുവെന്നു മാത്രം. പക്ഷേ, അതിലും അദ്ദേഹം ഒരു ഭീഷണി മുഴക്കുന്നുണ്ട്. മതത്തെ അംഗീകരിക്കുന്നതോടൊപ്പം തന്നെ ശാസ്ത്ര വിരുദ്ധമായ കാര്യ

ങ്ങൾക്കെതിരെ പാർട്ടി പ്രതിജ്ഞാബദ്ധമായി പോരാടുമത്രേ. ജനങ്ങളിൽ ശാസ്ത്രീയ ബോധം കരുപ്പിടിപ്പിക്കാൻ അവർ ശ്രമിക്കും. സുനിൽ പി. ഇളയിടം പ്രശ്നവൽക്കരിച്ച യൂറോപ്യൻ നവോത്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉൽപന്നങ്ങളിലൊന്നാണ് ആധുനിക ശാസ്ത്രം. നവോത്ഥാനത്തിനെതിരെ വിമർശം ഉന്നയിക്കുന്നവർക്ക് ശാസ്ത്രത്തിനെയും വിമർശിക്കാതിരിക്കാനാവില്ല. എന്നാൽ ഇതൊന്നുമറിയാതെ ജനങ്ങളെ ശാസ്ത്രീയ ബോധമുള്ളവരാക്കും എന്ന് ഭീഷണി മുഴക്കുകയാണ് പി.ബി അംഗം.

**നവോത്ഥാനവും ജമാഅത്തും**

ടി.കെയുടെയും വഹാബികളുടെയും സമീപന രീതികളിൽ പ്രകടമായ വ്യത്യാസം നമുക്ക് ദർശിക്കാം. മുജാഹിദുകൾ നവോത്ഥാനത്തിന്റെ കുത്തക ഏറ്റെടുക്കാറുള്ളത് മുജാഹിദ് പ്രസ്ഥാനമുണ്ടാവുന്നതിന് എത്രയോ മുമ്പ് പ്രവർത്തിച്ചവരെ മുജാഹിദുകളാക്കി എണ്ണിക്കൊണ്ടാണ്. പിന്നീട് സമസ്ത രൂപീകരിച്ചു കൊണ്ട് പാരമ്പര്യ പക്ഷവും ജമാഅത്തെ ഇസ്‌ലാമി രൂപീകരിച്ചു കൊണ്ട് രാഷ്ട്രീയത്തിന് പ്രാമുഖ്യം നൽകുന്നവരും വേറിട്ടതിന് ശേഷം കേരളാ ജംഇയ്യത്തുൽ ഉലമ വഹാബികളുടെ കൈകളിലമർന്നുവെന്നത് അവരുടെ അവകാശ വാദത്തിന് ശക്തി പകർന്നു.

"വക്കം മൗലവിയെ സ്വാധീനിച്ചത് വഹാബിസമെന്നതിനെക്കാൾ ഈജിപ്ഷ്യൻ നവോത്ഥാന പ്രസ്ഥാനമായിരുന്നുവെന്നതിന് തെളിവുകൾ ധാരാളമുണ്ട്. ഈജിപ്തിലുണ്ടായ നവോത്ഥാന പ്രസ്ഥാനമാവട്ടെ ജമാഅത്ത് പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ-സാമൂഹ്യ ചിന്തയുടെ പ്രാഗ് രൂപമായിരുന്നു. ജമാലുദ്ദീൻ അഫ്ഗാനിയുടെ പാൻ ഇസ്‌ലാമിക് പ്രസ്ഥാനവുമായി അതിന് ശക്തമായ ബന്ധമുണ്ട്. അഫ്ഗാനിയുടെ ശിഷ്യനായ മുഹമ്മദ് അബ്ദുവിന്റെ ചിന്തകളുടെ വിശദാംശങ്ങളുടെ ചിലഭാഗങ്ങളിൽ സയ്യിദ് മൗദൂദി പിൽക്കാലത്ത് വിയോജിച്ചിട്ടുണ്ടെങ്കിലും ജമാഅത്ത്-ഇഖ്‌വാൻ ഐഡിയോളജിയിൽ ഈ പ്രസ്ഥാനത്തിനുള്ള സ്വാധീനം ആർക്കും നിഷേധിക്കാനാവില്ല. മുഹമ്മദ് അബ്ദുവിന്റെ ശിഷ്യനായ റശീദ് റിദായുടെ പല പ്രവർത്തനങ്ങളുടെയും തുടർച്ച പിന്നീട് നമുക്ക് കാണാവുന്നത് ഹസനുൽ ബന്നയിലും ഇഖ്‌വാനുൽ മുസ്‌ലിമൂനിലുമാണ്. ഈജിപ്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട വക്കം മൗലവി കേരളത്തിൽ പ്രബോധനം ചെയ്തത് വഹാബികളുടെ അനുഷ്ഠാന നിബദ്ധമായ ഇസ്‌ലാമിനെ ആയിരുന്നില്ല. വക്കം മൗലവി ചെയ്തതൊക്കെ അക്ഷരം പ്രതി ശരിയായിരുന്നുവെന്ന് ഇന്നത്തെ സാഹചര്യത്തിൽ ഈയുള്ളവന് അഭിപ്രായമില്ല. പക്ഷേ, സത്യം കാണാതിരിക്കരുതല്ലോ. വക്കം മൗലവിയുടെ ഇസ്‌ലാം പൂർണമായും അരാഷ്ട്രീയവൽക്കരിക്കപ്പെട്ടതായിരുന്നില്ല. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനെപ്പോലുള്ള ഒരുപാടു പേരുടെ ജീവിതത്തിലും ഇത്തരം സന്ദർഭങ്ങൾ കണ്ടെത്താം. കഴിഞ്ഞ ഒന്നര നൂറ്റാണ്ട് കൊണ്ടു നടന്നതും നവോത്ഥാനമെന്ന് പേരിട്ടു വിളിക്കുന്നതും മക്തി തങ്ങളെയും വക്കം മൗലവിയെയും പോലുള്ളവർ നേതൃത്വം നൽകിയതുമായ മാറ്റങ്ങൾ മുഴുവൻ ശരിയായ ദിശയിലുള്ളതായിരുന്നുവെന്ന അഭിപ്രായം ഇതെഴുതുന്നയാൾക്കില്ല. പക്ഷേ, പ്രസ്തുത സംഭവത്തിൽ വഹാബിസത്തിനു മാത്രമല്ല പങ്കുണ്ടായിരുന്നതെന്നു പറയാൻ അതു തടസ്സമല്ല. ജമാഅത്തെ ഇസ്‌ലാമിക്കാർ അവരുടെ സംഘടന കേരളത്തിലുണ്ടായ കാലം മുതലുള്ള സംഭവങ്ങളെ മാത്രം ശ്രദ്ധിക്കുന്നത് നവോത്ഥാനം സമം മുജാഹിദ് പ്രസ്ഥാനമെന്ന സമീപനത്തിന് സ്വീകാര്യതയുണ്ടാക്കുക മാത്രമല്ല, ജമാഅത്ത് പ്രതിനിധാനം ചെയ്യുന്ന ആശയത്തിന്റെ പൂർവകാല ചരിത്രം തമസ്കരിക്കപ്പെടുന്നതിനും ഇടയാക്കുന്നു." കേരളാ മുസ്‌ലിം നവോത്ഥാനത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പങ്ക് എന്ന തലക്കെട്ടിൽ പ്രബോധനത്തിൽ (ജൂലൈ 04) വന്ന ടി.കെ അബ്ദുല്ല സാഹിബിന്റെ പ്രഭാഷണത്തോട് പ്രതികരിച്ച് കൊണ്ട് ഡോ. പി.എ അബൂബക്കർ *രിസാല* വാരിക ഓപൺ പേജിൽ എഴുതിയ ലേഖനത്തിൽ നിന്ന് (ആഗസ്റ്റ് 28). ഓപൺ പേജിൽ വരുന്ന ലേഖനങ്ങളുമായി *രിസാല* യോജിച്ച് കൊള്ളണമെന്നില്ല എന്ന് പത്രാധിപർ പ്രത്യേകം അറിയിച്ചിട്ടുണ്ട്.

**സയ്യിദ് അബ്ദുല്ലാ ബുഖാരി**

ദേശീയ തലത്തിൽ ഏറ്റവും ശ്രദ്ധേയനായ മുസ്‌ലിം നേതാക്കളിൽ ഒരാളായിരുന്നു കഴിഞ്ഞ ജൂലൈ 8ന് നിര്യാതനായ ഷാഹി ഇമാം സയ്യിദ് അബ്ദുല്ലാ ബുഖാരി (1922-2009). ദൽഹിയിലെ പ്രശസ്തമായ ജുമാ മസ്ജിദിലെ ഇമാമായിരുന്നു അദ്ദേഹം. ഒരു പള്ളിയിലെ ഇമാം എന്നതിലുപരി ഇന്ത്യൻ മുസ്‌ലിംകളുടെ ശബ്ദമായി മാറാൻ അദ്ദേഹത്തിന് സാധിച്ചു. 1973 ജൂലൈ എട്ടിനാണ് അദ്ദേഹം ജുമാ മസ്ജിദ് ഇമാം ആയി സ്ഥാനമേൽക്കുന്നത്. എന്നാൽ അടിയന്തരാവസ്ഥ കാലത്ത് ദൽഹിയിൽ വിശേഷിച്ചും രാജ്യത്ത് പൊതുവെയും നടന്ന മുസ്‌ലിം വിരുദ്ധ നീക്കങ്ങൾക്കെതിരെ ബഹുജനങ്ങളെ സംഘടിപ്പിച്ചതിലൂടെയാണ് അബ്ദുല്ല ബുഖാരി ശ്രദ്ധേയനാവുന്നത്. ദൽഹി ജുമാ മസ്ജിദ് പ്രദേശത്തെ മുസ്‌ലിം ചേരികൾ ഇടിച്ചു നിരത്തുന്നതിനെതിരെയും നിർബന്ധിത വന്ധ്യംകരണത്തിനെതിരെയും അദ്ദേഹം ആഞ്ഞടിച്ചു. അടിയന്തരാവസ്ഥക്ക് ശേഷം നടന്ന പൊതുതെരഞ്ഞെടുപ്പിൽ ജനതാ സഖ്യത്തിന് വേണ്ടി അദ്ദേഹം പരസ്യമായി രംഗത്ത് വന്നു. മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ജനതാ പാർട്ടി സർക്കാർ അധികാരമേൽക്കുന്നതിൽ ബുഖാരിയുടെ പങ്ക് നിർണായകമായിരുന്നു. ജനതാ പാർട്ടി ദൽഹി രാംലീല മൈതാനത്ത് സംഘടിപ്പിച്ച വിജയാഘോഷ റാലിയിലെ മുഖ്യ പ്രഭാഷകരിലൊരാൾ ബുഖാരിയായിരുന്നു. പിന്നീട് പല സന്ദർഭങ്ങളിലായി അദ്ദേഹം എടുത്ത രാഷ്ട്രീയ നിലപാടുകൾ വിവാദങ്ങൾ ക്ഷണിച്ചു വരുത്തുകയും അവസരവാദിയെന്ന ആരോപണത്തിന് വിധേയമാവുകയും ചെയ്തുവെന്നത് വേറെ കാര്യം. എന്തു തന്നെയായാലും ഇന്ത്യൻ മുസ്‌ലിംകളുടെ മുൻനിര നേതാക്കളിലൊരാൾ എന്ന പദവി അദ്ദേഹം അലങ്കരിച്ചിരുന്നു.

സയ്യിദ് അബ്ദുല്ല ബുഖാരിയുടെ നിര്യാണത്തിൽ രാജ്യത്തെ ഏതാണ്ടെല്ലാ പ്രമുഖരും രാഷ്ട്രീയ പാർട്ടി നേതാക്കളും അനുശോചിക്കുകയുണ്ടായി. ബി.ജെ.പി നേതാവ് എൽ.കെ അദ്വാനി വരെ അനുശോചന പ്രസ്താവന ഇറക്കി. മുസ്‌ലിം രാഷ്ട്രങ്ങളുടെ എംബസികളും പ്രത്യേക അനുശോചന പ്രസ്താവനകൾ പുറപ്പെടുവിച്ചു. ലിബിയൻ പ്രസിഡന്റ് മുഅമ്മർ ഗദ്ദാഫിയുടെ അനുശോചന പ്രമേയം ഇതിൽ പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ഒരൊറ്റ മലയാള മുസ്‌ലിം ആനുകാലികവും അദ്ദേഹത്തെക്കുറിച്ച ഒരു അനുസ്മരണ പോലും പ്രസിദ്ധീകരിച്ചില്ല എന്നത് ഖേദകരമായിപ്പോയി. അല്ലെങ്കിലും ദേശീയ മുസ്‌ലിം അവസ്ഥകളുടെ കാര്യത്തിൽ കേരളത്തിലെ മുസ്‌ലിം ആനുകാലികങ്ങൾ എപ്പോഴും അങ്ങേയറ്റം ദരിദ്രമാണല്ലോ.

ദൽഹിയിൽ നിന്നിറങ്ങുന്ന മില്ലി ഗസറ്റ് ദ്വൈവാരികയിൽ (ആഗസ്റ്റ് 16-31) സയ്യിദ് ശഹാബുദ്ദീൻ എഴുതിയ ബുഖാരി അനുസ്മരണം പ്രത്യേകം എടുത്തു പറയേണ്ടതാണ്. ■